(x) 55-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡത്തിൽ "രണ്ട് അംഗങ്ങൾ" എന്നതിനു പകരം "നാല് അംഗങ്ങൾ" എന്ന് ചേർത്തിട്ടുണ്ട്.

(xi) 111-ാം വകുപ്പിൽ "കമ്മീഷനും" എന്ന വാക്കിന് പകരം ബോർഡ് എന്ന് ചേർത്തു. " കൂടാതെ ഈ ആവശ്യത്തിലേക്കായി കമ്മീഷൻ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ കമ്മിറ്റിയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയും വികസന അതോറിറ്റിയും ജോയിന്റ് ആസൂത്രണ കമ്മിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്." എന്നത് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ മാറ്റങ്ങൾക്ക് അനുയോജ്യമായ ചില മാറ്റങ്ങളും 2015-ലെ 3-ാം നമ്പർ ഓർഡിനൻസിൽ വരുത്തിയിട്ടുണ്ട്.

(സി) മാറ്റങ്ങളൊന്നുമില്ല.

ടൗൺ & കൺട്രി പ്ലാനിംഗ് ബോർഡ് രൂപീകരണത്തിന് നടപടി

322 (1748) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ് രൂപികരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ ;

(സി) ഇതിൽ നിന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെ ; എപ്പോൾ ഇത് രൂപീകൃതമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണ ബോർഡ് രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ 2015-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിന്റെ (2015-ലെ 3) 3 മുതൽ 7 വരെ വകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും സംബന്ധിച്ച് 2015-ലെ 3-ാം നമ്പർ ഓർഡിനൻസിന്റെ 3, 4 വകുപ്പുകളിൽ വ്യവസ്ഥ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ ഘടന :- ഓർഡിനൻസിന്റെ 3-ാം വകുപ്പിന്റെ (2) മുതൽ (6) വരെ ഉപവകുപ്പുകളിൽ ബോർഡിന്റെ ഘടന സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട് :-

(2) ബോർഡ്, ഒരു ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ വൈസ് ചെയർപേഴ്സൺമാർ, (4)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം മറ്റ് ഇരുപത്തി ഒൻപത് അംഗങ്ങൾ എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.

(3) സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി, ബോർഡിന്റെ ചെയർപേഴ്സൺ ആയിരിക്കേണ്ടതും സംസ്ഥാനത്തിന്റെ നഗര-ഗ്രാമാസൂത്രണത്തിന്റേയോ മുനിസിപ്പാലിറ്റികളുടെയോ പഞ്ചായത്തുകളുടെയോ ഗ്രാമവികസനത്തിന്റെയും ആസൂത്രണത്തിന്റെയുമോ ചുമതലയുള്ള മന്ത്രിയോ മന്ത്രിമാർ വൈസ് ചെയർപേഴ്സൺമാർ ആയിരിക്കേണ്ടതുമാണ്.

(4) ബോർഡിലെ മറ്റ് അംഗങ്ങൾ താഴെ പറയുന്നവർ ആയിരിക്കേണ്ടതാണ്. അതായത്,

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സൺ

(ബി) ഗവൺമെന്റ് ചീഫ് സെക്രട്ടറി

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ധനകാര്യ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഗതാഗത വകുപ്പ് എന്നിവയുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ.

(ഇ) ചീഫ് ടൗൺ പ്ലാനർ

(എഫ്) ലാന്റ് റവന്യൂ കമ്മീഷണർ

(ജി) ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

(എച്ച്) ചീഫ് എൻജിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്

(ഐ) കേരള വനം-വന്യജീവി വകുപ്പിന്റെ തലവൻ

(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ

(കെ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർപേഴ്സൺ

(എൽ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ

(എം) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള രണ്ട് പാർലമെന്റ് അംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(എൻ) സർക്കാർ നാമനിർദ്ദേശം ചെയ്യ പ്രകാരമുള്ള സംസ്ഥാന നിയമസഭയിലെ രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ സംസ്ഥാന നിയമസഭയുടെ പ്രതിപക്ഷനേതാവ് ആയിരിക്കേണ്ടതാണ്.

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്യ പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റികളുടെയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളുടെയും/ജില്ലാ ആസൂത്രണ കമ്മിറ്റികളുടെയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റികളുടെയോ രണ്ട് ചെയർപേഴ്സൺമാർ ;

(പി) മുനിസിപ്പൽ കോർപ്പറേഷനുകളുടെ ചേംബർ ഓഫ് മേയേഴ്സിന്റെ ചെയർപേഴ്സൺ ;

(ക്യു) മുനിസിപ്പൽ കൗൺസിലുകളുടെ ചേംബർ ഓഫ് മുനിസിപ്പൽ ചെയർപേഴ്സൺസിന്റെ ചെയർപേഴ്സൺ ;

(ആർ) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ്, കൂടാതെ

(എസ്) സർക്കാർ നാമനിർദ്ദേശം ചെയ്യ പ്രകാരമുള്ള മൂന്ന് അനൗദ്യോഗിക അംഗങ്ങൾ, അവരിൽ ഒരാൾ നഗര-ഗ്രാമാസൂത്രണത്തിൽ വൈദഗ്ധ്യവും യോഗ്യതയും ഉള്ളയാളും, രണ്ടാളുകൾ സർക്കാരിന്റെ അഭിപ്രായത്തിൽ, ഗതാഗതം, കൃഷി അല്ലെങ്കിൽ സാമ്പത്തികശാസ്ത്രം സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവരും ആയിരിക്കേണ്ടതാണ് ;

(5) സംസ്ഥാനത്തിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ബോർഡിന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറിയും ചീഫ് ടൗൺ പ്ലാനർ ജോയിന്റ് സെക്രട്ടറിയും ആയിരിക്കേണ്ടതാണ് ;

(6) ബോർഡിന്റെ യോഗങ്ങളിൽ താഴെ പറയുന്ന ആളുകളെ പ്രത്യേക ക്ഷണിതാക്കളായി, ആ യോഗങ്ങളിൽ അവരുടെ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോഴൊക്കെ, ക്ഷണിക്കാവുന്നതാണ്, അതായത് :-

(എ) റെയിൽവേ, സിവിൽ ഏവിയേഷൻ, ഷിപ്പിംഗ്, പ്രതിരോധം, ഗതാഗതവും വാർത്താവിനിമയവും, പരിസ്ഥിതി, നഗരവികസനം, ഗ്രാമവികസനം മുതലായവയുടെ ചുമതലയുള്ള കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളുടെ പ്രതിനിധികൾ ;

(ബി) (4)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ പരാമർശിച്ചവ യൊഴികെയുള്ള സർക്കാർ വകുപ്പുകളുടെ സെക്രട്ടറിമാർ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇൻഡ്യ, കേരള റീജിയണൽ ചാപ്റ്ററിന്റെ ചെയർപേഴ്സൺ ; കൂടാതെ

(ഡി) ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയും വികസന അതോറിറ്റികളുടെയും ചെയർപേഴ്സൺമാർ."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ :- 2015-ലെ 3-ാം നമ്പർ ഓർഡിനൻസിന്റെ 4-ാം വകുപ്പിൽ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരം പ്രതിപാദിക്കുന്നു :-

(എ) "ബോർഡ്" :-

(എ) സംസ്ഥാനത്തെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭൂമിയുടെ സ്ഥല സംബന്ധമായ ആസൂത്രണത്തിനും വികസനത്തിനും ഉപയോഗത്തിനും വേണ്ടിയുള്ള നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കേണ്ടതും;

(ബി) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളും, ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് അവരുടെ ബന്ധപ്പെട്ട പ്രദേശങ്ങളുടെ സ്ഥല സംബന്ധമായ ആസൂത്രണവും വികസനവും സംബന്ധിച്ച കാര്യങ്ങളിന്മേൽ മാർഗ്ഗ നിർദ്ദേശം നൽകുകയും ഉപദേശം നൽകുകയും ചെയ്യേണ്ടതും ;

(സി) ഈ ഓർഡിനൻസിൻ കീഴിലുള്ള സംസ്ഥാനത്തിന് വേണ്ടിയുള്ള ദീർഘ വീക്ഷണപ്ലാനുമായും മറ്റ് പ്ലാനുകളുമായും ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും അർദ്ധസർക്കാർ ഏജൻസികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്ഥല സംബന്ധമായ ആസൂത്രണവും വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക ;

(ഡി) ഈ ഓർഡിനൻസിൻ കീഴിൽ സംസ്ഥാനത്തിനുവേണ്ടിയുള്ള ദീർഘ വീക്ഷണപ്ലാൻ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക ;

(ഇ) സംസ്ഥാനത്തിനുള്ളിലെ ഒന്നിൽ കൂടുതൽ ജില്ലകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിന്മേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രദേശത്തിനുവേണ്ടി പ്ലാനുകൾ തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക;

(എഫ്) ജില്ലാ ആസൂത്രണ കമ്മിറ്റികളും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികളും വികസന അതോറിറ്റികളും അയച്ചുകൊടുത്തിട്ടുള്ള സംയോജിത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ ആക്ടിൻ കീഴിൽ തയ്യാറാക്കിയ പ്ലാനുകളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ ഭൗതിക നേട്ടങ്ങൾ വിലയിരുത്തുകയും പുനരവലോകനം ചെയ്യുകയും അതിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക ;

(ജി) സർക്കാരിന് :-

(i) ജില്ലകൾ തമ്മിൽ സ്ഥലസംബന്ധമായ ആസൂത്രണവും വികസനവും, വിഭവവിനിയോഗം, അടിസ്ഥാനസൗകര്യ വികസനം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ എന്തെങ്കിലു മുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ;

(ii) സംസ്ഥാനത്തിന്റെ വികസനരംഗത്ത് കാര്യമായ സ്വാധീനം ഉണ്ടാക്കുവാനിടയുള്ള പ്രധാന നിക്ഷേപസ്രോതസ്സുകളുടെ സാദ്ധ്യമായ സ്ഥാനം കണ്ടെത്തുന്നതിനും ഉപദേശം നൽകേണ്ടതും ;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതും ആണ്."

(സി) ബോർഡ് രൂപീകൃതമാകുന്ന മുറയ്ക്ക് മാത്രമേ നേട്ടങ്ങൾ സംബന്ധിക്കുന്ന വിഷയം ഉദിക്കുന്നുള്ളൂ.

കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ

323 (1749) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും ഭവന വായ്പ എടുത്ത ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണ്ണൂർ വികസന അതോറിറ്റിയിൽ നിന്നും ഭവന വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് പലിശ ഇളവ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) വികസന അതോറിറ്റിയിൽ ഒടുക്കേണ്ട വായ്പ തുക ഇപ്പോൾ ഏത് സ്ഥാപനത്തിലാണ് ഒടുക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ഡി) മുഴുവനായി വായ്പ തുക ഒടുക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് ഗഡുക്കളായി ഒടുക്കാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly